E 230

# നിലവറക്കുണ്ടിലെ ഭൂതത്താൻ.

E 230

1177

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

# നിലവറക്കുണ്ടിലെ ഭൂതത്താൻ.

E230
1177

(ഒരു ദ്രുതകവിത)

MALAYINKEEL

ഗ്രന്ഥകർത്താവ്

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

പ്രസാധകൻ

കെ. ശങ്കരൻ മൂസ്സത്.

തൃശ്ശിവപേരൂർ

ജ്ഞാനസാഗരം പുസ്തകശാല

1099

പകർപ്പവകാശം പ്രസാധകന്ന്] [വില അണ 4

# മുഖവുര

പരമസാത്വികനും മഹാകവിയുമായിരുന്ന മഹാമ
ഹിമശ്രീ, കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻതമ്പുരാൻ തിരുമന
സ്സുകൊണ്ടു് "തുപ്പൽക്കോളാമ്പി" എന്ന ഖണ്ഡകൃതി പ്ര
സിദ്ധം ചെയ്തതിന്നുശേഷം ഒരുദിവസം ആ കൃതിയെക്കു
റിച്ചു ഞാൻ അവിടുത്തോടു ചില സംഗതികളെപ്പററി
സംശയം ചോദിക്കയുണ്ടായി. ദുർന്നടപടികളെപ്പററി വ
ർണ്ണിക്കുന്ന കൃതികൾ വായനക്കാരുടെ സദാചാരതൽപര
തയേ ഭഞ്ജിക്കയില്ലയോ എന്നായിരുന്നു എൻെറ സംശ
യം. ആ അഭിപ്രായം ശരിയല്ലെന്നു യുക്തിപൂർവ്വം സ്ഥാ
പിച്ചു് അവിടുന്നെന്നെ സമാധാനപ്പെടുത്തി. ഏതുപ
ദേശത്തിലും ഒന്നുകിൽ വിധി അല്ലെങ്കിൽ നിഷേധം എ
ന്നിങ്ങിനെ രണ്ടു വഴികളുണ്ടെന്നും, സദാചാരമാതൃകക
ളെ വർണ്ണിക്കുന്ന കവി വിധിരൂപേണ കൃത്യോപദേശം
ചെയ്യുന്നതുപോലെ, ദുരാചാരമാതൃകകളെ വർണ്ണിക്കുന്ന
കവി നിഷേധരൂപേണ അകൃത്യനിവൃത്തിയെ ഉപദേശി
ക്കുകയാണു് ചെയ്യുന്നതെന്നും, ഫലംകൊണ്ടു നോക്കി
യാൽ ഇതിൽ രണ്ടാമതുപറഞ്ഞ കവിയുടെ കൃതികൾക്കാ
ണധികം ലക്ഷ്യമെന്നും, അത്തരം കൃതികൾ ഏതു സാഹിത്യത്തി
ൻേറയും ഒരു ഭാഗമായിരിക്കുമെന്നും ആയിരുന്നു അവിടു
ത്തെ ന്യായം. ഇതിന്നു ദൃഷ്ടാന്തമായി, സരസകവി കു
ഞ്ചൻനമ്പ്യാരുടെ "പുറംകഥകൾ" അവിടുന്നുദാഹരിക്കു
കയും ചെയ്തു. ആ കഥകൾ അതിന്നുമുമ്പു് ഞാൻ കേ
ട്ടിട്ടുണ്ടായിരുന്നില്ല. അവിടേക്കു് അതു തോന്നിയിരുന്ന

തുകൊണ്ട് അതെല്ലാം അവിടുന്നെന്നെ ചൊല്ലിക്കേൾപ്പിച്ചു.

"ആട്ടെ, എന്നാൽ 'തുപ്പൽക്കോളാമ്പി' പോലെ ഇതും അവിടുന്നൊരു കവിതയായി എഴുതിയാൽക്കൊള്ളാം" എന്നു ഞാൻപറഞ്ഞപ്പോൾ അവിടുന്നതു സമ്മതിച്ചു. അതുപ്രകാരം അവിടുന്നു പറഞ്ഞുതരികയും ഞാൻ എഴുതുകയും ചെയ്തതാണ് ഈ കൃതി. എഴുതുവാൻ ഒരാളെ കിട്ടിയാൽ അവിടുന്നു പറഞ്ഞുകൊടുക്കുന്നത് അതിവേഗത്തിലാണെന്ന് ആരോടും പറയേണ്ടതില്ലല്ലോ. ഒരു ദിവസം സായാഹ്നത്തിൽ ചേററുപുഴെ കായലിൻവക്കത്തിരുന്നു വിശ്രമിക്കുമ്പോൾ ഒരു മണിക്കൂറുകൊണ്ട് എഴുതിത്തീർത്തതാണ് ഇത്.

ആ കവിത എഴുതിയിരുന്ന കടലാസ്സുകൾ എൻെറ കയ്യിലായിരുന്നു. ആയിടക്കു ഞാനതു ഭദ്രമായി സൂക്ഷിക്കുകയും ചെയ്തിരുന്നു. അങ്ങിനെ കുറേക്കഴിഞ്ഞപ്പോൾ അതിൽ ശ്രദ്ധയില്ലാതെ പോകയും, ആ കടലാസ്സു കാണാതാകയും ചെയ്തു. കഴിഞ്ഞകൊല്ലത്തിൽ എൻെറ പഴയ ഒരെഴുത്തുകെട്ടു പരിശോധിച്ചപ്പോൾ കുറേശ്ശെ ദ്രവിച്ചുതുടങ്ങിയിരുന്ന ആ കവിത കണ്ടെത്തുകയുണ്ടായി. എങ്കിലും ഇതു പ്രസിദ്ധംചെയ്യാൻ അന്നുത്സാഹമുണ്ടായിരുന്നില്ല. ഇയ്യിടയിൽ മിസ്റ്റർ റപ്പിയാരുടെ പ്രസിദ്ധീകരണമായ "ഓട്ടൻതുള്ളൽ" പുസ്തകത്തിൽ ഈ കവിതയ്ക്കടിസ്ഥാനമായ "പുറംകഥകൾ" വായിക്കാനിടയായപ്പോൾ ഇതുംകൂടി പ്രസിദ്ധംചെയ്യാനുറച്ചതാണ്. ഈ കൃതിയുടെ പേര് അവിടുന്നു പറഞ്ഞുതന്നപ്പോൾ എഴുതിയിരുന്നില്ല; ആയതു സന്ദർഭാനുസാരേണ സ്വയം കല്പിതമാണ്.

എന്ന്, കെ. വാസുദേവൻമൂസ്സത്.

1177

# നിലവറക്കുണ്ടിലെ ഭൂതത്താൻ.

(ഒരു ദ്രുതകവിത)

## കാളിയും കേളപ്പാരും.

### ഒന്നാം ഖണ്ഡം.

സുരുചിരകവി കുഞ്ചൻനമ്പിയാർ ചൊന്നമട്ടാ-
യൊരു കഥയുരചെയ്യാമദ്യ ഞാൻ പദ്യമായി
വിരുതതിൽ വരുവാനായ് വാർകുഴൽക്കെട്ടിൽമൂടി-
ട്ടൊരുതരുണിയെയേറവും പോററിയെ കൈതൊഴുന്നേൻ

പരപുരുഷനുമായി ഗൂഢസംഗം നടത്തും
പരഭൃതമൊഴിമാരിപ്പാരിലുണ്ടെങ്ങു,മെന്നാൽ
പരമിഹനിജകാന്തൻ കാൺകവേ കണ്ണുമൂടി-
പ്പരനൊട്ടു കളിയാട്ടും നാരിമാരേറെയില്ല. 2

ഒരുസുദതി പിറന്നു പണ്ടു,പേർ കാളി,മല്ലെ-
ത്തരുണിയവൾ വളർന്നു, യൌവനം വന്നുചേർന്നു,
അരുവയർമണിയാളാമായവൾക്കൊത്തു വേറി-
ട്ടൊരുവളുമതുകാലം പാരിലില്ലെന്നു വന്നു. 3

അലർശരനുടെ വില്ലാം ചില്ലി,യമ്പാം കടക്ക,-
ണ്ണലമവനുടെ 'ചെപ്പും പന്തു'മാം കൊങ്കരണ്ടും;

പലഗുണവുമിവണ്ണം ചേൎന്നോരത്തന്വിയിൽത്താൻ
വിലസി ഭുവനമെല്ലാം വെന്ന വില്ലാളിമാരൻ. 4

മതിമുഖിമണിയാളാം കാളിയെക്കാന്തയാക്കി-
ട്ടതിഗുണനിധി കേളച്ചാരു മേളിച്ചുവാണാൻ
മതിയവളിലുറച്ചു കേള,നാക്കേളിലോലൻ
സതികളിലണിമുത്തെന്നോൎത്തിതാധൂൎത്തയാളെ. 5

കടമിഴിയിണയാലേ കാമികൾക്കുള്ളൊരുള്ളം
കടയുമവളെ മോഹിക്കാതെയന്നാരുമില്ല;
വിടരവളിലിണങ്ങിക്കാമസംതൃപ്തിമൂലം
വിടരുമൊരുമനസ്സിന്നന്നു വിശ്രാന്തി നേടി. 6

അവളുടെയയൽവക്കത്താണൊരുത്തൻ തദാനീ-
മവശഹൃദയനായിപ്പാൎത്തു തത്സംഗലോലൻ
യുവകുലമണിമാക്കോച്ചാരവൻ കാളിമൂലം
നവകുസുമശരാഗ്നിജ്വാലയാൽക്കാളിപാരം. 7

ഒരുദിനമൊഴിവില്ലാ കാന്ത,നാബ്ഭവ്യനോൎത്താ-
ലൊരുവക നിധികാക്കും ഭൂതമായിക്കിടപ്പൂ
ഒരുപഴുതിതിലെന്തെന്നോൎത്തു കേണിടുമായാൾ-
ക്കൊരുതരമുളവാക്കി കാമദൻ കാമദേവൻ. 8

കണവനകലെയെങ്ങോ പോയതക്കത്തിലുദ്യൽ-
ഗുണഗണനിധിയാളാം കാളിതൻ കേളിസൌധേ
മണമിളകിനമാമ്പൂവമ്പനെയ്യുന്ന ക്രൂരൻ
കണകൾ തുടരെയേററിട്ടാൎത്തനായെത്തി ധൂൎത്തൻ. 9

'കുളുർമതിമുഖിയാളേ കാളി! നിൻ കാമമോലും-
കുളുർമുലയിണമാറിൽച്ചേർത്തണച്ചൊന്നുപുൽകാൻ
വളരെ വളരെനാളായ് ഞാൻ കൊതിക്കുന്നിതിന്നെൻ
വളരുമൊരഭിലാഷം സാദ്ധ്യമാക്കേണമേ! നീ'. 10

ഇതിപലമൊഴി പച്ചക്കാമനാമായവൻ ചൊ-
ന്നതിനവളെതിരോതീ കാന്തനിൽപ്രീതിയോടെ
'മതിമതി, വരനെത്തിത്തല്ലിട്ടും, തല്ലുകൊള്ളു-
ന്നതിലുമധികമിന്നാമാററിയാൽ മാററിയോട്ടും.' 11

അടവുപറയുമ്പോരാത്താരണിക്കുന്തലാൾ തൻ-
കടമിഴിയുടെ തല്ലാൽപ്പിന്നെയും കാമിയോതി
'തടവൊരുലവമില്ലാ തന്വി! നാലഞ്ചു നല്ലാൻ
തടമുല തഴുകീടാനിന്നു നീ സമ്മതിച്ചാൽ'. 12

മൊഴിയിതു വഴിപോലേ കേട്ടു തന്വംഗി മുൻചൊ-
ന്നൊഴികഴിവുകൾ നീക്കിസ്സവ്വും സമ്മതിച്ചു,
മിഴിയിണകൾ തെളിഞ്ഞു പാരമാപ്പൂവ്വനും തേൻ-
മൊഴിയുടെ ഭവനത്തിൽസ്സന്ധ്യയിൽച്ചെന്നുചേന്നു. 13

ഉരുതരരസമോടേ ലീലയാടുന്നതിന്നാ-
യിരുവരുമറതന്നിൽപ്പുക്കുമേളിച്ചിരുന്നു,
തരുണിയവൾ തുറന്നു പെട്ടി, താംബൂലദാനാൽ
പുരുകുതുകമണച്ചു, കാന്തനേററം രസിച്ചു. 14

ലളിതകഥകളാലും ചുംബനാലിംഗനോദ്യ-
ന്മിളിതരസവിലാസപ്രൌഢിയാലും തരത്തിൽ,
കിളിമൊഴിയവൾ കാന്തനുൾപ്രമോദം വളൎത്തി-
ക്കളിപലതുകളിച്ചു, കാമലാസ്യം നടിച്ചു. 15

# രണ്ടാം ഖണ്ഡം.

ഇത്തിരി ഭയമില്ലാതവ-
രൊത്തീവണ്ണം രസിച്ചു മരുവുമ്പോൾ,
എത്തി കേളച്ചാരൊരു
കത്തിയുമായറയതിൻെറ വാതുക്കൽ. 1

കേളീലോലനവൻ ദ്യുതി-
യാളീടുംമാറു കാന്തയെ വിളിച്ചു
'കാളി!'യെന്നാവിളിയാൽ-
കാളി കാളിക്കകെത്തു ചെന്തിയ്യും. 2

മാറൊട്ടു ചേൎന്നു രസിപ്പോരു
ജാരൻ കേളൻെറ വിളികൾ കേട്ടപ്പോൾ
വാരിയിൽ വീണുഴലും മാ-
ജ്ജാരൻതൻ മട്ടിലൊട്ടു വിറ തേടി. 3

'കേളച്ചാരു വിളിപ്പിതു
കാളിപ്പെണ്ണേ! പരുങ്ങലായ് കാൎയ്യം!
താളക്കേടിതുപോലൊരു-
നാളും വന്നീലെനിക്കിതേവരയും.' 4

എന്നും പറഞ്ഞു മെത്തയിൽ-
നിന്നുപിടഞ്ഞാങ്ങെണീറ്റു മാക്കോച്ചാർ
അന്നേരത്തവനുടെ തുട
സുന്ദരകാണ്ഡം തരത്തിൽ വായിച്ചു. 5

അപ്പോൾ തോന്നി കാളി-
ക്കല്പേതരചതുരമാകുമൊരുപായം
അപ്പോൾ നിപുണതയുള്ളവ-
ൾപ്പൂവിൽബ്ഭീതിയെന്നതറിവീലാ. 6

മെത്തയിൽനിന്നു പിരണ്ടെഴു-
ന്നേററഥ കിടുകിടെ വിറച്ചു പരവശനായ്
നില്ക്കും മാക്കോച്ചാരെ-
ക്കൈക്കു പിടിച്ചവളടച്ചു നിലവറയിൽ. 7

കിളിമൊഴിയുടനേ കാന്തനു
വിളികേട്ടു തുറന്നു വാതിലതിധൃതിയായ്
മിഴികൾ തിരുമ്മിക്കോട്ടായ്
വിരവൊടു വിട്ടൊട്ടുഞെളിവൊടവളോതി. 8

'അയ്യോ നിങ്ങൾ വിളിച്ചതു
മെയ്യാണേ! ഞാനറിഞ്ഞതില്ലേതും
ഇയ്യൊരുതെററു പിണഞ്ഞിതു
പൊയ്യല്ലേ! ഞാനുറങ്ങുക നിമിത്തം. 9

ആയതു നിങ്ങൾ പൊറുക്കാ-
നായതിയായിത്തൊഴുന്നിതടിയിണ ഞാൻ'.
ആയതമിഴിയാളുടെയി-
മായകൾ കേളൻ ധരിച്ചതില്ലേതും. 10

'എന്തതിലുള്ളു, പോട്ടേ,
പന്തണിമുലമാർക്കു മകുടമണിയാളേ!

വെണ്ണുരുകുന്നു ഹൃദന്തം
മാന്താരമ്പന്റെ കരുമന നിമിത്തം 11

അരുതൊരുതാമസമിനിയിഹ
കരുതുക നീ കനിവു കന്നൽമിഴി മൌലേ!
വിരുതുകൾ കൊണ്ടിന്നൊന്നെ–
പ്പെരുതു രസിപ്പിക്ക രമ്യ നടയാളേ!' 12

കേളച്ചാരീവണ്ണം
നാളീകാസ്ത്രാർത്തിയുരുവിടും സമയേ
ആളിയൊരുൾത്തീകേട്ടാ–
ക്കാളിയുമവനോടു ചേർന്നു കളിയാടീ. 13

കയ്യും മെയ്യും ചേർത്തഥ
മയ്യേലുംകണ്ണി തഴുകിനാൾ മുറുകെ
കയ്യുകളെന്തെല്ലാമോ
ചെയ്യുന്നോരിവരെയൊരുവനറിവീല. 14

ഉള്ളിൽത്തട്ടി സ്നേഹം
കൊള്ളില്ലീവകനതാംഗിമാർക്കാർക്കും
വെള്ളച്ചായം തേച്ചൊരു
കള്ളപ്പുഞ്ചിരി ചിരിക്കയേവയ്ക്കൂ. 15

ഇക്കാണും പുരുഷന്മാർ
നെയ്ക്കുംഭംപോലെയാണു ഭുവനത്തിൽ
മയ്ക്കണ്ണികൾ മണിമാരോ
തീക്കട്ടയ്ക്കൊത്തിടുന്നിതവർമുമ്പിൽ. 16

# മൂന്നാം ഖണ്ഡം

ഏവം വരാംഗി വരനോടൊരുമിച്ചു മോദാ-
ൽകൈവന്നു കൈതവമൊളിച്ചു രസിച്ചുവാഴ്കേ
പാപം! പെരുന്തിലവരസ്സുകമാർന്നു പാരം
ഭാവംപകർന്നു വിഷമിച്ചു വലഞ്ഞു ജാരൻ. 1

എങ്ങാനുമൊന്നിളകിയാലറിയും, നിനാദ-
മങ്ങായവന്റെ ചെവിപൂകിലബദ്ധമാകും;
മങ്ങാതിതേവിധമനേകവിചാരമാർന്നാ-
ച്ചങ്ങാതി ചത്തതു കണക്കു ചടഞ്ഞുവാണു. 2

"പാരംപിഴച്ചു, പരനാരിയിലാശ മൂത്താൽ
ഘോരം വരുന്നൊരു വിപത്തിതുമട്ടിലാകാം,
നേരംവെളുപ്പതുവരസ്സിവിടെക്കിടന്നു
ഹാ! രണ്ടുമററനിലയിൽക്കഴിയേണമല്ലോ! 3

വാമാക്ഷിയാമെവളെയോർക്കുകകൊണ്ടെനിക്കീ-
ന്നീമാൽ പിണഞ്ഞി,തവളോ പരനൊത്തുവാഴ്വു
ഹാ! മാനിനിമണിയെനിക്കഴലേററിടുന്നു
പൂമാധുരീഭരമെഴും മണിതാമൃതത്താൽ. 4

ആനപ്പുറത്തു സുഖമായമരാൻകൊതിച്ചി-
ഞ്ഞാനത്തൽപെട്ടരിയ ശൂലമതിൽക്കരേറി,
പീനസ്തനാന്തരമണഞ്ഞതുവിട്ടിവണ്ണം
ഹീനസ്ഥലത്തുമരുവേണ്ടൊരു കാലമായി." 5

മാരൻെറയാജ്ഞകൾ ശിരസ്സിൽ വഹിച്ചുമാക്കോ-
ച്ചാരങ്ങിരുന്നു വിപുലാധിഭരാന്ധനായി
ഹാ ! രണ്ടുനാലുനിമിഷത്തിനകത്തനേക-
വാരം മനസ്സുരുകിയുള്ളടമായി വീർത്തു. 6

മാക്കോനിടുന്ന നെടുവീർപ്പുകൾ കേട്ടനേരാ-
ത്താക്കോമളാംഗിയുമതീവ പരിഭ്രമിച്ചു,
ആക്കോമരത്തെയവിടുന്നു ജവാൽ പുറത്ത-
ക്കാക്കാനുപായമവളൊന്നു മനസ്സിലോർത്തു. 7

"എന്തോ മറന്നിതൊരു വസ്തു,-വതേതലേണ്ണ"
പന്തോടിടഞ്ഞമുലയാൾ വരനോടിതോതി
"തന്തോളിലെററിയൊരു കെട്ടൊരു ചെട്ടി സന്ധ്യ-
യ്ക്കെന്തോഴരേ ! വിരവൊടിന്നിവടത്തിൽ വന്നു. 8

ശീലത്തരങ്ങൾ ചില ചീട്ടികളും കിടക്ക-
ശ്ശീലത്തരങ്ങളുമവൻ ഭവനേ നിരത്തി,
ചേലൊത്തൊരിപ്പുതുതലേണ്ണയുലഞ്ഞിടായ്വാൻ
കോലത്തിനൊത്തൊരുറ ഞാനവനോടു വാങ്ങി. 9

പിന്നെപ്പറഞ്ഞിടുവനെന്നു നിനച്ചവന്നാ-
യൊന്നിൽപ്പരം പണമതിൻ വിലയായ് കൊടുത്തു,
അന്നേരമമ്മ തെറിയായൊരു വാക്കുചൊല്ലി,
പിന്നേടമായതു നിനച്ചു വിഷണ്ണയായ് ഞാൻ. 10

കൊള്ളില്ല കേളനിതുവെപ്പതിനെന്നു തള്ള,
കൊള്ളും ഭവാൻെറ തലവെപ്പതിനെന്നു ഞാനും,

അല്ലല്ല ! നിങ്ങളുടെ പാകമറിഞ്ഞിടാൻ ഞാ–
നല്ലമ്മയാണധികമൊത്തവളിന്നു പോലും ! 11

നിക്കേണമമ്മയുടെ ശങ്കയതൊന്നു പാകം–
നോക്കേണമിക്കഥമറന്നിതു ഹന്ത ! മുന്നം”
ആക്കേഴമാൻമിഴിയിവണ്ണമുരച്ചനേര–
മാക്കേളനോതി കളകോമളഹാസമോടേ. 12

“ആകമ്രമുഗ്ദ്ധമുഖി! പഞ്ഞി നിറച്ചിടാതെ
പാകത്തെയെങ്ങിനെയറിഞ്ഞിട്ടുമാരിതോതി ?
ഹാ കഷ്ടം,മാത്തലയിണയ്ക്കുറ പാകമല്ലാ–
താകട്ടെയെങ്കിലുമതിൽപ്പഴുതേ വിഷാദം !” 13

പൊട്ടിച്ചിരിച്ചവളുരച്ചിതു “ഹാ ! പുമാന്മാർ
കട്ടിത്തമുള്ളവരിതെന്തറിയാതെ പോയി ?
തട്ടിപ്പുമാത്രമധികം, മടവാരിതെല്ലാം
കുട്ടിത്തരത്തിലുമറിഞ്ഞിട്ടു,മോതിടാം ഞാൻ. 14

നലമൊടുപതിയായിട്ടാരുവെക്കുന്നുവോ തൻ–
തലയതിലതിറക്കിപ്പാകമായെന്നു വന്നാൽ
തലയിണ ‘കിറകൃത്യം’ വേറെയെന്തുള്ള പാകം
പലപലവിബുധന്മാരീവിധം ചൊല്ലിടുന്നു.” 15

“പെണ്ണുങ്ങൾക്കറിവേറ”മെന്നു സരസം
വാഴ്ത്തിച്ചിരിച്ചോതിയാ–
പ്പൊണ്ണൻ, കാലിതുറന്നു കാട്ടിടുമുറ–
യ്ക്കുള്ളിൽശിരസ്സാക്കിനാൻ,

പെണ്ണോ കേമി, തലെസ്ക്കതിവ ഗുഢുസാ-
മാശ്ശീലയാപ്പള്ളിതൻ-
കണ്ണും കാതുമടഞ്ഞിടുംപടി പടു-
ത്വത്തോടിറക്കീടിനാൾ. 16

കയ്യാൽക്കണ്ണുകൾ പൊത്തി മുഗ്ദ്ധതരമാം
കൈത്തണ്ടയാൽക്കാതട-
"ച്ചയ്യാനല്ലൊരുപാക"മെന്നു നിഭൃതം
മന്ത്രിച്ചുകൊണ്ടങ്ങിനെ
മയ്യേല്ക്കണ്ണി കുനിഞ്ഞു ചെറ്റുസമയം
നിന്നീടവേ, പോകുവാൻ-
തെയ്യാറായൊരു ജാരനോടിയറവി-
ട്ടെങ്ങോ മറഞ്ഞീടിനാൻ. 17

ജാരൻ പോയോരുനേരം വരമൊഴിയുറയ-
ഞ്ഞൂരിയൂഢാനുരാഗ-
സ്മേരം മെല്ലെപ്പറഞ്ഞാൾ "മമ മന മധുനാ
ഹന്ത ! നന്നായ് തെളിഞ്ഞു,
പാരം ശങ്കിച്ചുപോയ് ഞാനതു സകലമഹോ !
തീൎന്നിതിന്നേരമെന്നിൽ
സ്സാരാനന്ദം കിളൎന്നു, മലയൊരു മലരായ്
മാറി, ഞാൻ ധന്യയായി." 18

# കട്ടയും കോരപ്പനും

## ഒന്നാം ഖണ്ഡം.

കോരപ്പനെന്നൊരുവനുള്ള പരിഗ്രഹത്തിൻ
ചാരിത്രശുദ്ധി നിരുപിക്കിലതീവചിത്രം !
ജാരപ്രമാണികളൊഴിഞ്ഞൊരു നേരമില്ലാ-
സ്സാരംഗനേർമിഴി വസിപ്പൊരു മന്ദിരത്തിൽ. 1

പേരായവൾക്കു പറയുന്നിതു 'കട്ട'യെന്നു
സാരം നിനയ്ക്കിലതു വാസ്തവമാണുതാനും
ചേരുന്ന ജാരരെയൊളിച്ചവൾ കട്ടുകട്ടു
നേരന്ധയായി മരുവുന്നു വരന്റെ മുമ്പിൽ. 2

നാലഞ്ചുജാരരെയണച്ചു പുണർന്നിടാത-
പ്പാലഞ്ചിടും മൊഴിയുറങ്ങുകയില്ലരാവിൽ
ജാലത്തിലാളുകളെയിട്ടു കുടുക്കിടുന്ന-
ശ്ശീലത്തിലായവളൊടൊത്തവരാരുമില്ല. 3

കോരപ്പനന്നൊരു ദിനം നിജകാര്യമായി-
ട്ടൂരെഗ്ഗമിച്ചതു ധരിച്ചയലാനൊരുത്തൻ
മാരാർത്തിമൂത്തവിടെയന്തിയിലെത്തി മച്ചിൽ-
സ്സാരസ്യമാടുവതിനായി മുതിർന്നുപോലും ? 4

ക്ഷൌരം കഴിച്ചു കളഭക്കുറിയിട്ടുമെയ്യിൽ-
പ്പാരം നറും പരിമളം പൊഴിയുന്നമട്ടിൽ

മാരൻ കരിമ്പു ചില ചേർത്തു സദാ വിടുന്ന
ക്രൂരമ്പുമേററവളൊടൊത്തു കൊഴുത്തു ജാരൻ. 5

അപ്പുച്ചക്കാമനൊന്നിച്ചലർശരസമര-
ത്തിന്നൊരുങ്ങിപ്പുറപ്പെ-
ട്ടുൾപ്പിച്ചേററം വിധത്തിൽസ്സുരസമധുരമായ്
സല്ലപിച്ചും ചിരിച്ചും
നൽപ്പിച്ചിപ്പൂമടങ്ങും തനുവതിലതനു-
സ്വാമിതൻ കോമരം ചേ-
ർത്താപ്പിച്ചാളുൾപലാക്ഷീമണികളണിയുമ-
ക്കുട്ടനാനാവിനോദം. 6

അഞ്ചിക്കൊഞ്ചിക്കുഴഞ്ഞും സുധയൊടെതിരിടും
മന്ദഹാസം പൊഴിഞ്ഞും
നെഞ്ചിൽപ്പാരം വഴിഞ്ഞും മലർവിശിഖരസം
മററതെല്ലാമൊഴിഞ്ഞും
തഞ്ചത്തിൽ ‘കുട്ടു’ കൂത്താടിടുമളവിലവൾ-
ക്കിഷ്ടനാം കോന്തബാലൻ
തഞ്ചൊരുദ്വാരമെത്തിപ്പൊലിമയൊടു വിളി-
ച്ചീടിനാനൂഢരാഗം. 7

കോരപ്പച്ചാരുവന്നൊന്നൊരു വലിയ ഭയം
കൊണ്ടുമെയ്യാകമാനം
പാരം വേർത്തും വിറച്ചും വിവശതകലരും
ജാരനെസ്വൈരമപ്പോൾ

സാരസ്യപ്രൌഢിയോടേ വലിയ നിലവറ-
ക്കണ്ടിലങ്ങാക്കിവേഗം
ദ്വാരം തട്ടിത്തുറന്നാപ്പുതിയൊരതിഥിയാം
പട്ടരായ്ക്കട്ടെ വാണാൾ. 8

അന്നേരം വന്നുമുട്ടീ പുതിയൊരുജരഠ-
ബ്രാഹ്മണൻദ്വാരദേശ-
ത്തെന്നേ വൈഷമ്യമെന്നായറയിലമരുമാ-
പ്പട്ടർ വട്ടത്തിലായി
കുന്നേലും കൊങ്കയാളോ പഴയവനെയൊളി-
പ്പിച്ചുതട്ടുംപുറത്തിൽ
പിന്നേ വാതില്ക്കൽനില്ക്കും പുതിയൊരതിഥിയെ
സ്വൈരമായ് സൽക്കരിച്ചാൾ. 9

നിലവറയിലൊരുത്തൻ, തട്ടിലോ മറ്റൊരുത്തൻ,
നലമൊടറയിലന്യൻ, ജാരരിമട്ടുമൂന്നാൾ
ഛലമൊടുമരുവുമ്പോൾ കാന്തനായുള്ള കോരൻ
ചലമിഴിയുടെ പേരും ചൊല്ലി വാതില്ക്കൽമുട്ടി. 10

അതുപൊഴുതവളെന്തോ കാതിൽ മന്ത്രിച്ചപോതാ
മുതുകിഴവനതീവ ക്രോധമങ്ങനുഭവിച്ചു
അതുലിതതനുകമ്പം പൂണ്ടു പല്ലുംകടിച്ചാ-
ച്ചതുരനവളോടേറെ ക്രൂരവാക്യം മുഴക്കി. 11

"പോവിൻസ്വാമി പടിപ്പുറത്തിവടയോ-
തൻകോന്ത, വേണ്ടാമനി
ദാവന്നു വര"ന്നെന്നു ചൊല്ലിയവളാ-
ദ്വാരം തുറന്നീടിനാൾ

“ആൎയ്യ! സ്വാമി കഴിക്കുമെൻെറ കഥയേ-
ന്നായിബ്ഭയപ്പെട്ടുഞാ-
നീവങ്കൻെറ കിടാവുപോയതിന്നിതെ-
ന്തെന്നോട്ടുമൂപ്പിക്കുവാൻ? 12

ആ വാമാക്ഷി ചൊടിക്കവേ കിഴവനും
കോപിച്ചുരച്ചാ‘ന്നിതാ
പോവുന്നോനവനെൻെറ ദൃഷ്ടിയിലിനി-
ക്കാണട്ടെ’ യെന്നിങ്ങിനെ
ഏവം ചൊന്നതിലുള്ളസാരമറിയാ-
തൊട്ടമ്പരന്നിട്ടുമാ-
പ്പാവം നിന്നിട്ടമന്തരത്തിലവിട-
ന്നോടീടിനാൻ പട്ടരും. 13

‘ഇന്നുച്ചക്കു കിഴട്ടുപട്ടർ വടികൊ-
ണ്ടക്കോന്തയെത്തല്ലുവാൻ
ചെന്നപ്പോളവനിഗ് ഗൃഹത്തിലഭയം
പ്രാപിച്ചിതുൾഭീതിയാൽ
വന്നാൽവന്നതുവന്നുവെന്നുകരുതി-
ത്തട്ടിൽപുറത്താക്കി ഞാൻ
മന്ദം, കുട്ടികളോടെനിക്കു കനിവേ-
റീടുന്നമട്ടല്ലയോ.’ 14

കുട്ടപിന്നെയുമുരച്ചിതു ‘കേട്ടോ
തട്ടിൽനിന്നിനിയിറങ്ങുകകുട്ടീ!’
പട്ടർ പോയിതിനിവേണ്ട വിഷാദം
കുട്ടിയെത്തൊടുകയില്ലിനി യാരും.’ 15

പാരംഭ്രമിച്ചുടനിറങ്ങിയകുട്ടിതന്നെ-
ച്ചാരുസ്മിതത്തൊട്ടുപുരത്തുതലോടി തമ്പി
കോരപ്പനും കരളലിഞ്ഞു കിടാവുതന്നെ-
സ്സാരസ്യമാർന്നു കനിവോടുടനാദരിച്ചു. 16

ഏവമായവരെ രണ്ടുപേരെയുമൊഴിച്ചു
കട്ട മദനാർദ്രമാം
ഭാവമാർന്നു വരനോടു ചേർന്നു വളരും
രസേന വിളയാടിനാൾ
ഹാവഭാവമൃദുഹാസപേശലവിലാസ
സുന്ദരമുഖാബ്ജയായ്
ഹാ വരാംഗിയുളവാക്കിനാളവനുകാമ
ദോഹദരസാമൃതം. 17

## രണ്ടാം ഖണ്ഡം

ഓമൽപ്പൂവ്വൊളിമേനിയാളുമവൾതൻ
ഭർത്താവുമൊത്താദരാൽ
കാമക്രീഡകൾചെയ്തുലഞ്ഞുവളരെ
ക്ഷീണിച്ചുറങ്ങീടവേ
യാമംതെല്ലുകഴിഞ്ഞപോതൊരുമഹാ
ശബ്ദം ശ്രവിച്ചെത്രയും
ധീമങ്ങിത്തളരുന്നമെയ്യൊടുവരൻ
പെട്ടെന്നെണീറ്റീടിനാൻ. 1

തൻതോളിൽപിടിചേൎന്ന ബാഹുവിടവേ
വാർകേശിയസ്സ്പഷ്ടമാ-
യെന്തോവാക്കുകളോതിയങ്ങിനെ പുറം
മാറിക്കിടന്നീടവേ
എന്തോദഗ്രവിചാരവീചിനിരയിൽ
പെട്ടമ്പരന്നേതൃയും
വെന്തോരുള്ളോടുമാനതാംഗിയെവരൻ
നന്നായുണൎത്തിടിനാൻ. 2

'നേരം പാതിരയല്ലയോ, നിലവറ-
ക്കുണ്ടിങ്കൽനിന്നെന്തിതി-
ന്നേരം കേട്ടതു ശബ്ദമുൽക്കടതരം,
നന്നേബ്ഭയപ്പെട്ടുഞാൻ,'
പാരം ഭീതിയൊടിവിധം വരനുര-
ച്ചിട്ടമ്പോളേറെബ്ഭയം-
ചേരുംമാറെഴുന്നേററു ദീപവുമെരി-
ച്ചാളാക്കയൽക്കണ്ണിയാൾ. 3

'നോക്കാം ഞാനെന്നുചൊന്നാന്നിലവറയരികേ
ചെന്നുതന്നംഗിനന്നായ്
നോക്കുമ്പോഴുണ്ടുജാരൻ കദനവിവശനാ-
യങ്ങിരിക്കുന്നു ഭീത്യാ
ആകേമെച്ചാർകിടക്കുന്നളവൊരുമരനായ്
ചെന്നുക്കൂടിശ്ശിരസ്സിൽ
'തക്കിട്ടം' ചാടിപോലും, വലിയവിഷമമായ്
ത്തീൎന്നവൻ വാടിപോലും. 4

അന്നായും നായരും ചേൎന്നൊരുപിടിവലിയും
തള്ളലും ചെയ്തശേഷം
നന്നായ്ക്കൈക്കൊണ്ടമത്തിട്ടതിനെ യമപുരി-
ക്കാക്കിപോൽ നായർമുന്നം,
തന്നാഥനുറ്റംഭയംചേത്തൊരു കടുതരമാം
ശബ്ദമീശ്ശബ്ദമാണെ-
ന്നാരീമൌലികണ്ടാപ്പുരുഷനുടെ ചെവി
ക്കുള്ളിലെന്തോ കഥിച്ചു. 5

പിന്നീടുച്ചത്തിലോതീവിവശതയോ'ടതേ്,
നിങ്ങളൊന്നിങ്ങുവേഗം
വന്നിടേണം, വരുന്നുണ്ടൊരു ദിനമിഹഗ-
ന്ധർവ്വനെന്നാപ്പണിക്കർ
ഇന്നാൾ നോക്കിപ്പറഞ്ഞാമൊഴിബഹുകണിശം
തന്നെയാണി,യ്യിരിക്കും
പൊന്നിരാളപ്പകിട്ടൊത്തുടലുടയമഹാൻ
ദിവ്യഗന്ധർവ്വതുല്യൻ.' 6

കേട്ടു കേട്ടീലിതെന്നായവനുടനെ പിട-
ഞ്ഞോടിയങ്ങെത്തിയത്തൽ-
പ്പെട്ടോരാന്നായർമന്ദം നിലവറയിലെഴും
ദിവ്യനെക്കൈവണങ്ങി
ആട്ടേ സത്യംപറഞ്ഞീടണമുട,നിവിടു-
ന്നാരുവാനിങ്ങുവന്നി
മട്ടിൽ പ്രത്യക്ഷമാവാനിതു സമയമഹോ
ഹേതുവെന്താകുമാവോ'.

എന്നോതിയാമനുഷ്യനെ-
നന്നായിട്ടൊന്നു തൊഴുതു കോരപ്പൻ,
മന്ദസ്മിതവും ചെയ്യാ-
സ്സുന്ദരരൂപൻ പറഞ്ഞിതന്നേരം. 8

'ഞാനൊരു ഗന്ധർവ്വൻ; സുര-
മാനിനിയാകും തിലോത്തമയെ മുന്നം
ചെന്നു ചതിച്ചു പുണർന്നേ-
നന്നവളെന്നെശ്ശപിച്ചു കടുകോപാൽ. 9

സുരനാരീശാപത്താൽ
മരനായായ് വാണു ഞാനിതേവരെയും
പരമിന്നായതു തീർന്നിതു
പരമാനന്ദം മനസ്സിലുളവായി. 10

ഇന്നേ മുതല്ക്കു ഞാനീ-
മന്ദിരരക്ഷയ്ക്കു വാണിടാമിവിടെ
എന്നും പരദേവതയാ-
യെന്നെ പ്പൂജിച്ചു കൊള്ളണം ഭക്ത്യാ. 11

ആഴ്ചകൾ തോറും നല്ലൊരു
നേർച്ചകളും വെള്ളയും കരിമ്പടവും
വെച്ചെന്നെപ്പൂജിക്കുക
കച്ചേലും മുലയെഴുന്ന സുന്ദരിമാർ.' 12

കോരപ്പച്ചാരിമൊഴി
നേരെന്നോർത്തിട്ടതേവിധംതന്നേ
ഏറിയ മോദത്തോടാ-
ജ്ജാരനു പൂജകൾ കഴിച്ചു വഴിപോലെ. 13

തട്ടിൻപുറത്തു നല്ലൊരു
കട്ടിലുമെന്നല്ല മെത്തയും തീൎത്തു
ഇഷ്ടരസം പൂജിപ്പാൻ
കട്ടയെയും ചൊല്ലിവിട്ടു കോരപ്പൻ. 14

അന്നേനാളിൽതൊട്ടവിടെരസമായ്‌വെള്ളിയാഴ്ചകളവിദാ-
ചെന്നിടാറുണ്ടൊരുതടവതിന്നില്ലഗന്ധൎവ്വനോൎത്താൽ (ൻ
വന്നീടേറംരസമൊടരികേകട്ടയുംവാഴുമാറു-
ണ്ടെന്നീവണ്ണംചതുരകഥയൊന്നോൎത്തുമാറുണ്ടുനാട്ടിൽ. 15

ശുഭം.

വിദ്യാവിനോദിനി അച്ചുക്കൂടം — തൃശ്ശിവപേരൂർ.

## പുതിയ പുസ്തകങ്ങൾ.

| | | |
|---|---|---|
| 1. | കല്യാണികല്യാണം—കടുവിൽ കുഞ്ഞികൃഷ്ണ മേനോൻ ബി. എ. | 0—4—0 |
| 2. | ചിത്രാംഗദ. (ടാഗോർകൃതി) | 0—8—0 |
| 3. | രവികിരണം. ടി | 0—8—0 |
| 4. | പുഷ്പാഞ്ജലി. പദ്യം | 0—6—0 |
| 5. | പുഷ്പബാണവിലാസം. മൂലം ഭാഷകൂടി | 0—5—0 |
| 6. | മാതൃഭക്തി. വി. ഉണ്ണികൃഷ്ണൻനായർ ബി. എ. | 0—2—0 |
| 7. | മനീഷാപഞ്ചകം. വ്യാഖ്യാനം കൂടി | 0—1—0 |
| 8. | ശ്രീസ്തുതി. വ്യാഖ്യാനം വിസ്തരിച്ച ഐതിഹ്യം കൂടി | 0—2—0 |
| 9. | അഷ്ടപദി. ഗീതാഗോവിന്ദം ഭാഷാവ്യാഖ്യാനം, ജീവചരിത്രം കൂടിയത് | 1—0—0 |
| 10. | നിർമ്മല. നോവൽ | 0—6—0 |
| 11. | കാത്തറൈൻ. ടി | 0—8—0 |
| 12. | നൂർജിഹാൻ. ടി | 0—12—0 |
| 13. | വിലാസിനി. ടി | 1—4—0 |
| | മൃണാളിനി. ടി | 1—4—0 |
| | ...നനംഗരംഗം. (കാമശാസ്ത്രം) | 1—0—0 |
| | ...നന്ദലഹരി. വ്യാഖ്യാനംകൂടി | 0—4—0 |

മാനേജർ,

...ഗരം പുസ്തകശാല തൃശ്ശിവപേരൂർ.

E 230

# നിലവറക്കുണ്ടിലെ ഭൂതത്താൻ.

E 230

1177

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.